(സി) ഭരണാനുമതിയ്ക്ക് വേണ്ടി താഴെ പറയുന്ന പണികളാണ് സമർപ്പിച്ചിട്ടുള്ളത്.

1.	കുണ്ടുകാട് ചിറ്റടി റോഡ്	55 ലക്ഷം രൂപ
2.	വാഴക്കോട് ആലത്തൂർ റോഡ്	39 ലക്ഷം രൂപ
3.	കുണ്ടുകാട് മുലംകോട് റോഡ്	14.50 ലക്ഷം രൂപ
4.	മണപ്പാടം കണ്ണമ്പ്ര റോഡ്	47 ലക്ഷം രൂപ
5.	മുടപ്പല്ലൂർ മംഗലം ഡാം റോഡ്	50 ലക്ഷം രൂപ
6.	ഇരട്ടക്കുളം വാണിയംപാറ റോഡ്	10ലക്ഷം രൂപ
7.	കണിച്ചിപരുത പുല്ലംപരുത റോഡ്	25 ലക്ഷം രൂപ

ഓണക്കൂർ പാലത്തിന്റെ പണികൾ

139 (743) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്താട്ടുകുളം - പിറവം റോഡിന്റെ ഓണക്കൂർ മുതൽ പിറവം വരെയുള്ള വളവുകൾ നിവർക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഓണക്കൂർ പാലത്തിന്റെ പണികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും ; ഈ പാലത്തിന്റെ പണി എന്നാണ് ആരംഭിച്ചത് ;

(സി) പെരുവാമൂഴി പാലം പൂർത്തിയായതിനാൽ എൻ.എച്ച്.-49 ൽ നിന്നും പിറവം വഴി കടുത്തുരുത്തിക്കുള്ള റോഡ് വീതി കൂട്ടുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) വളവുകൾ നിവർക്കുന്നതിനാവശ്യമായ സ്ഥലം ഏടുത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

(ബി) 31-3-2001-ന് മുമ്പ് തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു. 23-11-1994-ൽ പണി ആരംഭിച്ചു.

(സി) വളരെയധികം തുക വേണ്ടി വരുന്ന പ്രസ്തുത റോഡ് പദ്ധതി തൽക്കാലം ഏറ്റെടുക്കാൻ നിർവാഹമില്ല.

പുതുപ്പള്ളി നിയോജക മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

140 (744) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുപ്പള്ളി നിയോജക മണ്ഡലത്തിലെ എരുത്തുപ്പുഴ - കോത്തല റോഡ്, ഒറവയൂർ - കണ്ണൻകുന്നു റോഡ്, മീനടം-വെന്നിമല റോഡ്,

LIBRARY ARCHIVES Kerala Legislative Assembly